ICICI Lombard
ഏറെ വ്യക്തിഗതവും പരിധികളുടെ പരിധിയില്ലാത്തതുമായ
ആരോഗ്യ ഇൻഷുറൻസിലേക്ക്# സ്വാഗതം,
സ്വപ്ന തുല്യമായ മാന്ത്രികതയോടെ !
അവതരിപ്പിക്കുന്നു
elevate
#LotLikeMagic
പരിമിതിയില്ലാത്ത റീസെറ്റ്**
(റീസെറ്റ് ആനുകൂല്യം)
പരിമിതിയില്ലാത്ത ക്ലെയിം തുക
(പരിധിയില്ലാത്ത കെയർ ആഡ്-ഓൺ*1)
പരിമിതിയില്ലാത്ത സൂപ്പർ ലോയൽറ്റി ബോണസ്
പവർ ബൂസ്റ്റർ (സൂപ്പർ ലോയൽറ്റി ബോണസ് ആഡ്-ഓൺ*2)
പരിമിതിയില്ലാത്ത സം ഇൻഷ്വേർഡ്
ശക്തി പകരുന്നത്
Ai

ആരോഗ്യ ഇൻഷുറൻസിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ട്,
പുതിയ elevate പോളിസി നിങ്ങൾക്ക് വേണ്ട ഇൻഷുറൻസ്
പരിരക്ഷണം വ്യക്തിഗതമാക്കിത്തീർക്കുന്നതിനും മുൻപെങ്ങുമില്ലാത്ത
തലത്തിലുള്ളതും പരിധിയില്ലാത്തതുമായ ആനുകൂല്യങ്ങളുടെ നേട്ടം
ആസ്വദിക്കുന്നതിനും നിങ്ങളെ അനുവദിക്കുന്നു.

elevate

ശക്തി പകരുന്നത്

എഐ^ -യുടെ കരുത്ത് പ്രയോജനപ്പെടുത്തിക്കൊണ്ട്, ഏറ്റവും മേൽത്തരമായ പരിരക്ഷണത്തിന് വേണ്ടിയുള്ള ശുപാർശകൾക്ക് അനുസരണമായുള്ള പോളിസി തയ്യാറാക്കുന്നതിന്, ഉപഭോക്താക്കളുടെ ആവശ്യകതകളെ എലിവേറ്റ് വ്യാഖ്യാനിക്കുന്നു, ഓരോ പോളിസിയും വ്യക്തിഗതമായ ആവശ്യകതകൾക്ക് തുല്യതയില്ലാത്ത വിധത്തിൽ ഇണങ്ങുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു. ആരോഗ്യ ഇൻഷുറൻസുമായി ബന്ധപ്പെട്ട് പോളിസി ഇഷ്ടാനുസൃതമാക്കിത്തീർക്കുന്ന ഈ സമീപനം, വ്യക്തിഗത ആരോഗ്യവും സാമ്പത്തിക പരിഗണനകളും പരിരക്ഷിക്കുമ്പോൾ തന്നെ, വിപുലമായ ഇൻഷുറൻസ് പരിരക്ഷയും പ്രദാനം ചെയ്യുന്നു. നിങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസിൽ നിന്ന് നേട്ടം ലഭിക്കുന്ന രീതിയെ തന്നെ എലിവേറ്റ് മാറ്റി മറിക്കുന്നു. ഇത് നിങ്ങളുടെ ആവശ്യകതകൾക്ക് കൂടുതൽ അനുയോജ്യവും അവയുടെ പൂർത്തീകരണത്തിലേക്ക് നയിക്കുന്നതുമാക്കിത്തീർക്കുന്നു.

എന്താണ് elevate-നെ വിപ്ലവകരമാക്കിത്തീർക്കുന്നത്?

Infinite ക്ലെയിം തുക

പരിധിയില്ലാത്ത കെയർ ആഡ്-ഓൺ കൊണ്ട് നിങ്ങളുടെ തിരഞ്ഞെടുത്തിട്ടുള്ള ക്ലെയിമിന് ഒറ്റത്തവണയായി പരിമിതിയില്ലാത്ത ക്ലെയിം തുക നേടൂ*[1]. അയഥാർത്ഥമായി തോന്നിയേക്കാം, എന്നാൽ ഇത് സത്യമാണ്!

Infinite സൂപ്പർ ലോയൽറ്റി ബോണസ്

ക്ലെയിം ഉണ്ടായോ എന്നത് പരിഗണിക്കാതെ തന്നെ, പവർ ബൂസ്റ്റർ പ്രയോജനപ്പെടുത്തി പരിധിയില്ലാത്ത ഒരു കാലയളവിലേക്ക്എല്ലാ വർഷവും നേടൂ 100% ലോയൽറ്റി ബോണസ് (സൂപ്പർ ലോയൽറ്റി ബോണസ് ആഡ്-ഓൺ).

എന്താണ് elevate-നെ വിപ്ലവകരമാക്കിത്തീർക്കുന്നത്?

Infinite ഉറപ്പ്

ജംപ്സ്റ്റാർട്ട് ആഡ്-ഓൺ കൊണ്ട് 31-ാം ദിവസം മുതൽ നിങ്ങൾക്ക് മുൻപേ തന്നെയുള്ള രോഗങ്ങൾക്ക് പരിരക്ഷ നേടുക*3.

Infinite റീസെറ്റ്**

നിങ്ങളുടെ ഇൻഷുറൻസ് പരിരക്ഷയുടെ തുക എത്ര പ്രാവശ്യം വേണങ്കിലും പരിധിയില്ലാതെ വീണ്ടും പുനഃസ്ഥാപിക്കുക. റീസെറ്റ് സൗകര്യം ഉള്ളതിനാൽ, ഒന്നിലധികം ക്ലെയിമുകൾ നടത്തുന്നുവെങ്കിൽക്കൂടിയും അത് നിങ്ങൾക്ക് അസൗകര്യം സൃഷ്ടിക്കുന്നില്ല.

അടിസ്ഥാന പരിരക്ഷകൾ

elevate

കൊണ്ട് സംരക്ഷണം തുടർന്നു കൊണ്ടു പോകുക

ആരോഗ്യ സംരക്ഷണത്തിന്റെ എല്ലാത്തരം ആവശ്യകതകളും നിറവേറ്റുകയും വിസ്തൃതമായ സംരക്ഷണം നൽകുകയും ചെയ്യുന്ന, പോളിസിയോടൊപ്പം തന്നെ മുൻകൂട്ടി ചേർത്തിട്ടുള്ള പരിരക്ഷയോടെയാണ് എലിവേറ്റ് എത്തുന്നത്.

ആശുപത്രിയിൽ കിടത്തിയുള്ള ചികിൽസ

വാർഷിക ഇൻഷുറൻസ് തുക വരെ ആശുപത്രിവാസത്തിനുള്ള ചെലവുകൾക്ക് പരിരക്ഷ നൽകുന്നു. ഒരു സ്വകാര്യ എസി മുറിയുടെ വാടക വഹിക്കുന്നു.

ദാതാക്കളുടെ ചെലവുകൾ

വാർഷിക ഇൻഷുറൻസ് തുക വരെ, അവയവം നീക്കം ചെയ്യുന്നതിന് വേണ്ടി അവയവ ദാതാവിന്റെ ആശുപത്രിവാസത്തിനുള്ള ചെലവുകൾ.

ആശുപത്രിയിൽ കിടത്തിയുള്ള ആയുഷ് ആശുപത്രിവാസം

ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ ആയുഷ് ചികിൽസയ്ക്കുള്ള ചികിൽസാ ചെലവുകൾ, വാർഷിക ഇൻഷുറൻസ് തുക വരെ, തുകയായി മടക്കി നൽകുന്നു അല്ലെങ്കിൽ ബാധകമായ സ്ഥലങ്ങളിൽ ക്യാഷ്ലെസ് സൗകര്യമായി ലഭിക്കുന്നു.

ദിന പരിചരണ നടപടിക്രമങ്ങൾ/ ചികിൽസ

വാർഷിക ഇൻഷുറൻസ് തുക വരെയുള്ള ദിന പരിചരണ ചികിൽസാ ചെലവുകൾ.

ആശുപത്രിവാസത്തിന് മുൻപും കഴിഞ്ഞ ശേഷവുമുള്ള മെഡിക്കൽ ചെലവുകൾ

വാർഷിക ഇൻഷുറൻസ് തുക വരെ
മുൻപുള്ളതും – 90 ദിവസവും
ശേഷമുള്ളതും – 180 ദിവസവും

വീട്ടിലെ ആശുപത്രി-സമാന പരിചരണം

ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ ഉപദേശം അനുസരിച്ച്, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ കുറഞ്ഞത് 3 ദിവസമെങ്കിലും നീണ്ടുനിൽക്കുന്ന ചികിൽസാ ചെലവുകൾക്ക് വാർഷിക ഇൻഷുറൻസ് തുക വരെയുള്ള പരിരക്ഷ ലഭിക്കുന്നു.

ആഭ്യന്തര റോഡ് ആംബുലൻസ്

ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ അപകടമുണ്ടായ/അസുഖമുണ്ടായ സ്ഥലത്തുനിന്നും അടിയന്തിര പരിചരണത്തിനായി ഏറ്റവുമടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള റോഡ് ആംബുലൻസ് ചെലവുകൾ, വാർഷിക ഇൻഷുറൻസ് തുക വരെ വഹിക്കുന്നു.

അടിസ്ഥാന പരിരക്ഷകൾ

കൊണ്ട് സംരക്ഷണം തുടർന്നു കൊണ്ടു പോകുക

elevate

വാടക ഗർഭധാരണം, അണ്ഡകോശ ദാനം

വാടക ഗർഭധാരണം, അണ്ഡകോശ ദാനം വാടക ഗർഭധാരണ മാതാവിനും അണ്ഡാകോശ ദാതാവിനും പരമാവധി ₹5 ലക്ഷം വരെ ആശുപത്രിയിൽ കിടത്തിയുള്ള ചികിൽസ.

ബരിയാട്രിക് സർജറി

ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ ശസ്ത്രക്രിയാ നടപടിക്രമങ്ങൾ/അമിത വണ്ണത്തിനുള്ള ചികിൽസ എന്നിവയ്ക്കുള്ള ആശുപത്രി ചെലവുകൾ, വാർഷിക ഇൻഷുറൻസ് തുക വരെ.

വെൽനെസ് പ്രോഗ്രാം

ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് വെൽനെസ് പ്രോഗ്രാമിലൂടെ തുടർന്നുള്ള വർഷത്തേക്കുള്ള പുതുക്കൽ പ്രീമിയത്തിൽ 30% വരെ കിഴിവ് നേടാൻ കഴിയും. ഒരു ഫ്ലോട്ടർ പോളിസിയിൽ പ്രായപൂർത്തിയെത്തിയ പരമാവധി 2 പേർ എന്ന പരിധിയോടെ, പ്രായപൂർത്തിയെത്തിയവർക്കെല്ലാം ലഭ്യം.

ആധുനിക ചികിൽസകൾ

പോളിസി കാലയളവിൽ പ്രത്യേക ആധുനിക ചികിൽസകൾക്കുള്ള മെഡിക്കൽ ചെലവുകൾ വാർഷിക ഇൻഷുറൻസ് തുക വരെ ഞങ്ങൾ പരിരക്ഷ നൽകുന്നു.

റീസെറ്റ് ആനുകൂല്യം**

ഏത് അസുഖത്തിനും എത്ര പ്രാവശ്യം വേണമെങ്കിലും വാർഷിക ഇൻഷുറൻസ് തുകയുടെ 100% വരെ പുന:സ്ഥാപിക്കുന്നതാണ്.

ലോയൽറ്റി ബോണസ്

വാർഷിക ഇൻഷുറൻസ് തുകയുടെ പരമാവധി 100% വരെയുള്ള 20% ക്യുമുലേറ്റീവ് ബോണസ്.

സേവനങ്ങൾക്കുള്ള/ ഉൽപ്പന്നങ്ങൾക്കുള്ള കിഴിവുകൾ##

IL TakeCare ആപ്പ് ഡൗൺലോഡ് ചെയ്ത് പോളിസി വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലൂടെ കിഴിവുകൾ നേടാൻ കഴിയും.

ആരോഗ്യ-സംബന്ധിയായ പിന്തുണ##

ആരോഗ്യവുമായും ആരോഗ്യ പരിചരണ ദാതാക്കളുമായും ബന്ധപ്പെട്ട ഏത് ചോദ്യങ്ങൾക്കും ഉത്തരം നൽകിക്കൊണ്ട് ഇൻഷുറൻസ് പരിരക്ഷയുള്ളവരെ അവരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.

ആഡ്-ഓൺ-ലൂടെ പോളിസി വ്യക്തിഗതമാക്കുന്നതിന്റെ ശക്തി തിരിച്ചറിയൂ*

nil

നിങ്ങളുടെ നിർദ്ദിഷ്ട ആവശ്യകതകളെ അടിസ്ഥാനമാക്കി നിങ്ങളുടെ പോളിസി വ്യക്തിഗതമാക്കാൻ അനുവദിക്കുന്ന നിരവധി ആഡ്-ഓൺ പരിരക്ഷകൾ എലിവേറ്റ് നൽകുന്നു.

ലോകത്തെവിടെയുമുള്ള പരിരക്ഷ

മേൽത്തരമായ ആഗോള ആരോഗ്യ പരിചരണം നേടൂ! ₹3 കോടി വരെയുള്ള ക്യാഷ്‌ലെസ് പരിരക്ഷയോടെ, മുൻകൂട്ടി ആസൂത്രണം ചെയ്തിട്ടുള്ള ചികിൽസകളായാലും അടിയന്തര സാഹചര്യങ്ങളായാലും, ഇൻഡ്യയ്ക്ക് പുറത്തുപോലും പ്രധാന രോഗങ്ങളിൽ നിന്ന് നിങ്ങൾക്ക് സംരക്ഷണം ലഭിക്കും. 2 വർഷത്തെ കാത്തിരിപ്പ് കാലയളവ് ബാധകമാണെങ്കിലും, അധിക പ്രീമിയം അടച്ച് അത് ഒരു വർഷ മായി കുറയ്ക്കാനുള്ള ഒരു സൗകര്യമൊരുക്കിയിട്ടുണ്ട്.

ഗുരുതര രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതി

നീണ്ടു നിൽക്കുന്ന ഗുരുതര ആരോഗ്യസ്ഥിതികൾ കൈകാര്യം ചെയ്യുന്നത് ഇനി നിങ്ങൾക്ക് ഒരു ഭാരമായി മാറേണ്ടതില്ല. ആസ്ത്മ, പ്രമേഹം, രക്താതിമർദ്ദം, ഉയർന്ന കൊളസ്ട്രോൾ, അമിതവണ്ണം അല്ലെങ്കിൽ കൊറോണറി ആർട്ടറി രോഗം (പിടിസിഎ ഒരു വർഷം മുമ്പ് ചെയ്തു) പോലെയുള്ള ആരോഗ്യാവസ്ഥകൾക്ക് ആവശ്യമായ നിശ്ചിത ശുശ്രൂഷ നിങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഞങ്ങളുടെ പ്രത്യേക ക്യാഷ്‌ലെസ് പദ്ധതി ഉറപ്പു വരുത്തുന്നു. ഇത് നിങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും മനസ്സമാധാനത്തോടെ ജീവിതം നയിക്കുന്നതിനും സഹായിക്കുന്നു.

എൻആർഐ അഡ്വാന്റേജ്

(എൻആർഐ-കൾ) ഇൻഡ്യയ്ക്ക് പുറത്ത് താമസിക്കുന്ന ഇൻഡ്യൻ പൗരൻമാർക്ക് ഒരു പ്രത്യേക കിഴിവ് ! നിങ്ങൾ ഇൻഡ്യ സന്ദർശിക്കുമ്പോഴോ ഇൻഡ്യയിൽ താമസിക്കുമ്പോഴോ, നിങ്ങളുടെ അടിസ്ഥാന പ്രീമിയത്തിൽ (ഓപ്ഷണൽ പരിരക്ഷ ഒഴികെ) 25% കിഴിവ് നേടാം. ആവശ്യമായ എല്ലാ രേഖകളും നൽകി ഓരോ പ്രാവശ്യം ഇൻഷുറൻസ് പുതുക്കുമ്പോഴും കിഴിവ് നേടൂ.

വയോജനങ്ങളുടെ പരിചരണത്തിനായുള്ള മൂല്യവർദ്ധിത സേവനങ്ങൾ

55 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവർക്ക് ഞങ്ങൾ അധിക പരിചരണം വാഗ്ദാനം ചെയ്യുന്നു ! വാർദ്ധക്യ കാല പരിചരണത്തിൽ പ്രത്യേക വൈദഗ്ദ്ധ്യമുള്ളവരുമായി ഓൺലൈൻ കൺസൾട്ടേഷനുകൾ, ഫിസിയോതെറാപ്പി സെഷനുകൾ, വ്യക്തിപരമായ സേവനങ്ങൾ എന്നിവ പോലെ വിപുലമായ ശ്രേണിയിലുള്ള അധിക ആനുകൂല്യങ്ങളോടെ – എല്ലാം വാർദ്ധക്യത്തിലെത്തിയവരുടെ പരിചരണത്തിനായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ളവ; ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാവുന്ന എലിവേറ്റ് പ്ലാനിനോടൊപ്പം (പ്ലാനുകൾ എ മുതൽ ഡി വരെ).

പരിധിയില്ലാത്ത പരിചരണം*1

നിങ്ങൾ തിരഞ്ഞെടുത്ത ക്ലെയിമിന് പരിധിയില്ലാത്ത ക്ലെയിം തുക ഒറ്റത്തവണ നേടാം.

ഇൻഫ്ലേഷൻ പ്രൊട്ടക്ടർ*5

പോളിസി പുതുക്കുമ്പോൾ, മുൻ വർഷത്തെ നാണ്യപ്പെരുപ്പ നിരക്കിന്റെ അടിസ്ഥാനത്തിൽ വാർഷിക ഇൻഷുറൻസ് തുക വർദ്ധിക്കും.

ആഡ്-ഓൺ-ലൂടെ പോളിസി വ്യക്തിഗതമാക്കുന്നതിന്റെ ശക്തി തിരിച്ചറിയൂ*

പവർ ബൂസ്റ്റർ (സൂപ്പർ ലോയൽറ്റി ബോണസ്)*2

ക്ലെയിം ഉണ്ടായോ എന്നത് പരിഗണിക്കാതെ തന്നെ, പരിധിയില്ലാത്ത കാലയളവിലേക്ക് എല്ലാ വർഷവും 100% ലോയൽറ്റി ബോണസ് നേടാം.

ജംപ്സ്റ്റാർട്ട്*3

ആസ്തമ, പ്രമേഹം, രക്താതിമർദ്ദം, ഉയർന്ന കൊളസ്ട്രോൾ, അമിത വണ്ണം അല്ലെങ്കിൽ കൊറോണറി ആർട്ടറി രോഗം (1 വർഷത്തിന് മുൻപ് പിടിസിഎ ചെയ്തു) പോലെയുള്ള ആരോഗ്യാവസ്ഥകൾ നിങ്ങൾക്ക് മുൻപേ തന്നെ ഉണ്ടായിരുന്നുവെങ്കിൽപ്പോലും, ഞങ്ങൾ നിങ്ങൾക്ക് പരിരക്ഷണം നൽകുന്നു. വെറും 31-ാം ദിവസം മുതൽ നിങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതിന് അർഹതയുണ്ട്.

ക്ലെയിം പ്രൊട്ടക്ടർ*4

കൈയ്യുറകൾ, കോട്ടൺ, സിറിഞ്ചുകൾ, മാസ്കുകൾ എന്നിവ പോലെ, സാധാരണമായി ഇൻഷുറൻസ് പരിരക്ഷ ലഭിക്കാത്ത ഇനങ്ങൾക്ക് പോലും സം ഇൻഷ്വേർഡ് വരെയുള്ള തുകയ്ക്ക് പരിരക്ഷ ലഭിക്കുന്നു.

ആശ്രിത സന്ദർശനം

ആശുപത്രിവാസം 5 ദിവസത്തിൽ കവിയുന്നുവെങ്കിൽ, ഏറ്റവുമടുത്ത ഒരു കുടുംബാംഗത്തിന് ഇക്കോണമി ക്ലാസ് എയർ/റെയിൽ ടിക്കറ്റിനായി പ്രതിവർഷം ₹20,000 വരെ ലഭിക്കും.

പ്രസവാനുകൂല്യം

വാർഷിക ഇൻഷുറൻസ് തുകയുടെ 10% വരെ, പരമാവധി ₹1 ലക്ഷം വരെ, 2 വർഷത്തെ കാത്തിരിപ്പ് കാലയളവോടെ സാധാരണ പ്രസവത്തിനും സിസേറിയൻ പ്രസവത്തിനും പരിരക്ഷ നൽകുന്നു.

ആഭ്യന്തര എയർ ആംബുലൻസ് കവർ[7]

പോളിസി കാലയളവിൽ അടിയന്തര സാഹചര്യത്തിൽ ഏറ്റവുമടുത്തുള്ള ആശുപത്രിയിലേക്ക് എത്തിക്കുന്നതിനുള്ള എയർ ആംബുലൻസ് ചെലവുകൾ വാർഷിക ഇൻഷുറൻസ് തുക വരെ വഹിക്കുന്നു.

ആശ്രിത താമസ ആനുകൂല്യം

പോളിസി കാലയളവിൽ അസുഖമോ അപകടമോ കാരണം ഇൻഷുറൻസ് പരിരക്ഷയുള്ളയാൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാൽ, ഒരു ആശ്രിതന്റെ താമസത്തിനായി ഞങ്ങൾ തുടർച്ചയായുള്ള പരമാവധി 10 ദിവസത്തേക്ക് പ്രതിദിനം ₹1,000 വരെ നൽകും.

നവജാത ശിശുക്കൾക്കുള്ള പരിരക്ഷ

പ്രസവുമായി ബന്ധപ്പെട്ട പരിരക്ഷയുടെ തുകയുടെ ഇരട്ടി തുകയ്ക്ക് 90 ദിവസം വരെയുള്ള ആശുപത്രി ചെലവുകൾ വഹിക്കുന്നു.

വീട്ടിലെ നഴ്സിംഗ് പരിചരണം

നിങ്ങളുടെ ഭവനത്തിൽ യോഗ്യതയുള്ള ഒരു നഴ്സ് നൽകുന്ന, ആശുപത്രി വാസത്തിന് ശേഷമുള്ള മെഡിക്കൽ സേവനങ്ങൾക്കായി ഞങ്ങൾ പരമാവധി 10 ദിവസത്തേക്ക് പ്രതിദിനം ₹2,000 വരെയുള്ള ചെല വിന്റെ തുക തിരികെ നൽകും.

ദീർഘ കാലത്തേക്ക് ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങൾക്കുള്ള പരിരക്ഷ

പട്ടിക നൽകിയിട്ടുള്ള, ദീർഘകാല ഉപയോഗത്തിനുള്ള മെഡിക്കൽ ഉപകരണങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനോ വാങ്ങുന്നതിനോ ഉള്ള ചെലവുകൾ, ആശുപത്രിയിൽ നിന്ന് വിടുതൽ ലഭിച്ചതിന് ശേഷം നിങ്ങളെ ചികിൽസിക്കുന്ന ഡോക്ടർ അതേ രോഗാവസ്ഥയ്ക്ക് വേണ്ടി നിർദ്ദേശിക്കുകയാണെങ്കിൽ, പ്രതിവർഷം രൂ 5 ലക്ഷം വരെ (അടിസ്ഥാന ഇൻഷുറൻസ് തുകയ്ക്കുള്ളിൽ) ഞങ്ങൾ മടക്കി നൽകും.

ആഡ്-ഓൺ-ലൂടെ പോളിസി വ്യക്തിഗതമാക്കുന്നതിന്റെ ശക്തി തിരിച്ചറിയൂ*

elevate

ആദ്യ വർഷത്തിൽ നവജാത ശിശുവിനുള്ള പ്രതിരോധ കുത്തിവെപ്പുകൾ

പോളിസി കാലയളവിൽ ഒരു വയസ്സ് വരെ പ്രായമുള്ള നവജാതശിശുക്കൾക്കുള്ള വാക്സിനേഷനുകൾ, ഇൻഷുറൻസ് പരിരക്ഷയുടെ തുകയുടെ 1% വരെ, പ്രസവ-സംബന്ധിയായ ഇൻഷുറൻസ് തുകയ്ക്ക് പുറമേയായി പരമാവധി പരിധിയായ ₹10,000 വരെ.

ആരോഗ്യ പരിശോധന

മുൻകൂട്ടി നിർണ്ണയിച്ചിട്ടുള്ള ആരോഗ്യ പരിശോധനാ പാക്കേജ്, പരമാവധി ₹5000 വാർഷിക ഇൻഷുറൻസ് തുകയുടെ 0.5% വരെ; ക്യാഷ്ലെസ് അടിസ്ഥാനത്തിൽ.

ബിഫിറ്റ്^^

ഒപിഡി, ഫാർമസി, ഫിസിയോതെറാപ്പി, രോഗനിർണ്ണയം എന്നിവയുൾപ്പെടെ ഞങ്ങളുടെ മൊബൈൽ ആപ്പിലൂടെ എല്ലാ ആനുകൂല്യങ്ങളും ക്യാഷ്ലെസ് അടിസ്ഥാനത്തിൽ ലഭ്യമാണ്.

ടെലി കൺസൾട്ടേഷൻ(കൾ)[6]

സാധാരണ ആരോഗ്യ പ്രശ്നങ്ങൾക്കായി ഓഡിയോ, വീഡിയോ, ഓൺലൈൻ പോർട്ടൽ, ചാറ്റ് അല്ലെങ്കിൽ മൊബൈൽ ആപ്പ് വഴി, യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണർമാർ അല്ലെങ്കിൽ ആരോഗ്യ പരിചരണ വിദഗ്ദ്ധർ വഴിയായി ഞങ്ങൾ പരിധിയില്ലാത്ത ടെലി കൺസൾട്ടേഷനുകൾ നൽകുന്നു.

താമസത്തിനുള്ള മുറി മാറ്റൽ~

ഇൻഷുറൻസ് പരിരക്ഷയുള്ളയാൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ച് അവരുടെ മുറിയുടെ വിഭാഗം അപ്ഗ്രേഡ് ചെയ്യാനോ ഡൗൺഗ്രേഡ് ചെയ്യാനോ കഴിയും.

വേതന നഷ്ടത്തിനുള്ള ആനുകൂല്യം

പരിരക്ഷ നൽകപ്പെടുന്ന ഒരു അപകടം, അസുഖം അല്ലെങ്കിൽ ക്ഷതം മൂലം 10 ദിവസമോ അതിൽ കൂടുതലോ തുടർച്ചയായി ആശുപത്രിയിൽ കഴിയുകയാണെങ്കിൽ, പോളിസി ഒരു പോളിസി വർഷത്തിൽ ₹20,000 ഒറ്റത്തവണ അലവൻസ് നൽകുന്നു.

പ്രസവകാല കാത്തിരിപ്പ് കാലയളവ് കുറയ്ക്കുന്നതിനുള്ള ഓപ്ഷൻ[8]

പ്രസവകാല കാത്തിരിപ്പ് കാലയളവ് 2 വർഷത്തിൽ നിന്ന് 1 വർഷമായി കുറയ്ക്കാം.

വ്യക്തിപരമായ അപകടം

പോളിസി വർഷത്തിൽ ഇൻഷുറൻസ് പരിരക്ഷ എടുത്തിട്ടുള്ള വ്യക്തിക്ക് ഏതെങ്കിലും അപകടം ഉണ്ടാകുന്നുവെങ്കിൽ, നിങ്ങൾക്കോ നിങ്ങളുടെ നോമിനിക്കോ നിയമപരമായ അവകാശിക്കോ, ബാധകമായതു പോലെ, പരമാവധി രൂ. 50 ലക്ഷം വരെ വാർഷിക ഇൻഷുറൻസ് തുക ഞങ്ങൾ നൽകും. പോളിസി ആദ്യമായി നൽകിയ സമയത്ത് 65 വയസ്സ് വരെ പ്രായമുള്ള പ്രായപൂർത്തിയെത്തിയ പോളിസി ഉടമകൾക്ക് മാത്രമേ ഈ പരിരക്ഷ ബാധകമാകൂ.

ഗുരുതര രോഗം

പരമാവധി ₹50 ലക്ഷം വരെയുള്ള പരിധിയിൽ പട്ടികപ്പെടുത്തിയിട്ടുള്ള 20 ഗുരുതര രോഗങ്ങൾക്ക് പരിരക്ഷ നൽകുന്നു. പോളിസി ആദ്യമായി നൽകിയ സമയത്ത് 18 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രായപൂർത്തിയെത്തിയവർക്ക് ഈ പരിരക്ഷ ലഭ്യമാണ്.

സ്വമേധയാലുള്ള കോ-പേയ്മെന്റ്

10%, 20%, 30%, 40%, 50% എന്നിങ്ങനെയുള്ള കോ-പേ ഓപ്ഷനുകൾ ലഭ്യമാണ്.

കിഴിവുകൾ

പ്രീമിയത്തിൽ ക്രെഡിറ്റ് സ്കോർ അടിസ്ഥാനമാക്കിയുള്ള കിഴിവ്+

15% വരെ അടിസ്ഥാന ക്രെഡിറ്റ് സ്കോർ

വെൽനെസ് ഡിസ്കൗണ്ട്

പോളിസി പുതുക്കുമ്പോൾ തുടർന്നു വരുന്ന വർഷത്തിൽ വെൽനസ് പോയിന്റുകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ പുതുക്കൽ പ്രീമിയത്തിൽ 30% വരെ.

നേരത്തെ പ്രീമിയം പുതുക്കിയാലുള്ള കിഴിവ്

30 ദിവസത്തിന് മുൻപ് പോളിസി പുതുക്കുന്നതിന് 2.5%.

ദീർഘ കാലളയവിന് ലഭിക്കുന്ന കിഴിവ് (2/3 വർഷം)

രണ്ടാം വർഷത്തിന് 10% വരെ കിഴിവും മൂന്നാം വർഷ പ്രീമിയത്തിൽ 15% കിഴിവും.

മുഖ്യ വിവരങ്ങൾ

elevate

പ്രവേശന പ്രായം
18 വയസ്സ് മുതൽ 125 വയസ്സ് വരെ

ഇൻഷുറൻസ് തുക
5 ലക്ഷം, 7.5 ലക്ഷം, 10 ലക്ഷം, 15 ലക്ഷം, 20 ലക്ഷം, 25 ലക്ഷം, 50 ലക്ഷം, 1 കോടി, 3 കോടി & അൺലിമിറ്റഡ് സം ഇൻഷ്വർഡ് ഓപ്ഷനുകൾ

കാലളയവിന്റെ ഓപ്ഷനുകൾ
1 വർഷം, 2 വർഷം, 3 വർഷം

ഫാമിലി ഫ്ലോട്ടർ പരിധി
പ്രായപൂർത്തിയെത്തിയ 2 പേരും കുട്ടികൾ 3 പേരും

30 വയസ്സ് വരെ കുട്ടിയെ ആശ്രിതനായി കണക്കാക്കുന്നു
മാതാപിതാക്കളോടൊപ്പം പോളിസി എടുക്കുന്നുവെങ്കിൽ

elevate

സാമാന്യമായ
കാത്തിരിപ്പ് കാലയളവ്

കാത്തിരിപ്പ് കാലയളവുകളുടെ ഓരോന്നായി പരിശോധിക്കുക:

പ്രാരംഭ കാത്തിരിപ്പ് കാലയളവ്

30 ദിവസം

പിഇഡി കാത്തിരിപ്പ് കാലയളവ്

36 മാസം

നിർദ്ദിഷ്ട രോഗ കാത്തിരിപ്പ് കാലയളവ്

24 മാസം

ഗുരുതര അസുഖത്തിന്റെ കാത്തിരിപ്പ് കാലയളവ്

90 ദിവസം

ബരിയാട്രിക് സർജറി

24 മാസം

പിഇഡി ഒഴികെ പ്രമേഹം, എച്ച്ടിഎൻ, ഹൃദയസംബന്ധമായ രോഗാവസ്ഥകൾ എന്നിവയ്ക്കുള്ള കാത്തിരിപ്പ് കാലയളവ്

90 ദിവസം

പ്രസവ-സംബന്ധമായ കാത്തിരിപ്പ് കാ ലയളവ്

24 മാസം

ലോകത്തെവിടെയുമുള്ള പരിരക്ഷ കാത്തിരിപ്പ് കാലയളവ്

24 മാസം

elevate

വ്യത്യസ്ത മേഖലകളുടെ വിവരങ്ങൾ

മേഖല - A

- മഹാരാഷ്ട്ര: മുംബൈ (താനെ, നവി മുംബൈ ഉൾപ്പെടെ) ഡൽഹി
- ഹരിയാന: ഗുരുഗ്രാം, കർണാൽ, സോനിപട്ട്, റോഹ്തക്, ഭിവാനി, ചാർഖി ദാദ്രി, മഹേന്ദ്രഗഡ്
- ഉത്തർപ്രദേശ്: നോയിഡ, ഗാസിയാബാദ്, ഹാപൂർ, മീററ്റ്, മുസാഫർനഗർ, ഷാംലി
- കേന്ദ്രഭരണപ്രദേശങ്ങൾ: ദാമൻ ആൻഡ് ദിയു, ദാദ്ര നഗർ ഹവേലി
- ഗുജറാത്ത്: അഹമ്മദാബാദ്, സൂറത്ത്

മേഖല - B

- പൂനെ
- കൊൽക്കത്ത
- ബെംഗളൂരു
- ചെന്നൈ
- പോണ്ടിച്ചേരി
- തെലങ്കാന (ഹൈദരാബാദ് ഉൾപ്പെടെ)
- മദ്ധ്യപ്രദേശ്
- ഗോവ
- ഗുജറാത്ത് (അഹമ്മദാബാദ്, സൂറത്ത് ഒഴികെ)
- ആന്ധ്രാപ്രദേശ്
- ഛത്തീസ്ഗഡ്
- ഉത്തരാഖണ്ഡ്

മേഖല - C

- ഇന്ത്യയുടെ മറ്റ് ഭാഗങ്ങൾ പഞ്ചാബ്, രാജസ്ഥാൻ (എൻസിആർ മേഖല ഒഴികെ)
- ചണ്ഡീഗഢ്
- ഹിമാചൽ പ്രദേശ്
- ജമ്മു ആൻഡ് കാശ്മീർ
- ലഡാക്ക്
- ലക്ഷദ്വീപ്
- കേരളം
- തമിഴ്നാട് (ചെന്നൈ, പോണ്ടിച്ചേരി ഒഴികെ)
- ഒഡീഷ
- അരുണാചൽ പ്രദേശ്
- അസം
- മണിപ്പൂർ
- മേഘാലയ
- മിസോറാം

സോൺ അടിസ്ഥാനമാക്കിയുള്ള കോ-പേയ്മെന്റ് ഇല്ല

- നാഗാലാൻഡ്
- ത്രിപുര
- സിക്കിം
- ആൻഡമാൻ - ആൻഡ് നിക്കോബാർ
- കർണാടകയുടെ ബാക്കി ഭാഗങ്ങൾ
- പശ്ചിമ ബംഗാൾ (കൊൽക്കത്ത ഒഴികെ)
- ബിഹാർ
- ജാർഖണ്ഡ്
- മഹാരാഷ്ട്ര (മുംബൈയും പൂനെയും ഒഴികെ)
- യുപി (എൻസിആർ മേഖല ഒഴികെ)
- ഹരിയാന (എൻസിആർ മേഖല ഒഴികെ)

മേഖല - D

- എൻസിആറിന്റെ ബാക്കി ഭാഗം (അൽവാർ, ബാഗ്പത്, ഭരത്പൂർ, ബുലന്ദ്ഷഹർ, ഫരീദാബാദ്, ഗൗതം ബുദ്ധ നഗർ, നോയിഡ, ജജ്ജാർ, ജിന്ദ്, നൂഹ്, പാനിപ്പത്ത്, റെവാരി, മേവത്, പൽവൽ ഒഴികെ)

elevate

നിങ്ങളുടെ ഇൻഷുറൻസ്, വെൽനസ് ആവശ്യകതകൾക്കായി

IL TakeCare ആപ്പ് ഡൗൺലോഡ് ചെയ്യുക

നിങ്ങളുടെ വെറുമൊരു വിരൽ സ്പർശത്തിലൂടെ വൈവിധ്യമാർന്ന സവിശേഷതകൾ നേടുക !

IL TakeCare

- മുഖത്തിന്റെ സ്കാൻ[9]
- വ്യായാമ ട്രാക്കർ
- ഹലോ ഡോക്ടർ[10]
- ആരോഗ്യ വെബിനാറുകൾ
- വിദഗ്ദ്ധനുമായി ചാറ്റ് ചെയ്യുക[11]
- ഒപിഡി ക്ലെയിമുകൾ[13]
- ഹെൽത്ത് ക്വോട്ടന്റ് [12]
- മാനസികാരോഗ്യ പിന്തുണ

GET IT ON Google Play

Download on the App Store

* ഉൽപ്പന്നത്തിൽ ലഭ്യമായ ആഡ്-ഓൺ കവറുകളുടെ വിശാലമായ ശ്രേണിയിൽ നിന്ന് തിരഞ്ഞെടുത്ത് വ്യക്തിഗതമായി വേണ്ട സവിശേഷതകൾ പോളിസിയിൽ ചേർക്കാവുന്നതാണ്.

^നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പരിരക്ഷകൾ ശുപാർശ ചെയ്യും

*ആഡ്-ഓണുകൾ/ഇഷ്ടാനുസൃതം തിരഞ്ഞെടുക്കാവുന്ന പരിരക്ഷകൾ അധിക പ്രീമിയം അടയ്ക്കുന്നതിന് വിധേയമാണ്.

[1] ആഭ്യന്തര പരിരക്ഷയ്ക്കായി ആദ്യ 2 പോളിസി വർഷങ്ങളിൽ മാത്രമേ ഇൻഫിനിറ്റ് കെയർ ആഡ്-ഓൺ തിരഞ്ഞെടുക്കാനാകൂ.

[2] പരിധിയില്ലാത്ത സം ഇൻഷ്വർഡ് ഓപ്ഷൻ എടുക്കുമ്പോൾ, പവർ ബൂസ്റ്റർ (സൂപ്പർ ലോയൽറ്റി ബോണസ് ആഡ്-ഓൺ) തിരഞ്ഞെടുക്കാനാകില്ല. വാർഷിക ഇൻഷുറൻസ് തുക ഉപയോഗിച്ച് തീർന്നതിനുശേഷം മാത്രമേ ബോണസ് ഉപയോഗിക്കാൻ കഴിയൂ.

[3] പോളിസി നൽകപ്പെടുന്നതിന് ഏറ്റവും കുറഞ്ഞത് 1 വർഷം മുൻപെങ്കിലും ആസ്തമ, പ്രമേഹം, രക്തസമ്മർദ്ദം, ഹൈപ്പർലിപിഡീമിയ, അമിത വണ്ണം, പിടിസിഎ- നടത്തപ്പെട്ടിട്ടുള്ള കൊറോണറി ആർട്ടറി രോഗം എന്നിവ ഉണ്ടെങ്കിൽ മാത്രമേ, ജംപ്സ്റ്റാർട്ട് ബാധകമാകൂ. ആഭ്യന്തരമായ പരിരക്ഷയ്ക്ക് മാത്രം ബാധകമായിരിക്കുകയും തുടർച്ചയായ 3 പോളിസി വർഷത്തേക്ക് ഇത് ലഭിക്കുന്നതുമായരിക്കും.

[4] ആഭ്യന്തരമായ പരിരക്ഷയ്ക്ക് മാത്രം. ഗ്യാരന്റീഡ് ക്യുമുലേറ്റീവ് ബോണസ്/ഇൻഫ്ലേഷൻ പ്രൊട്ടക്ടർ/റീസെറ്റ് ബെനിഫിറ്റ് എന്നിവയ്ക്ക് കീഴിൽ സമാഹരിക്കപ്പെടുന്ന ഏതെങ്കിലും ഇൻഷുറൻസ് തുക ഈ പരിരക്ഷയ്ക്കായി ലഭ്യമാകുന്നതല്ല.

[5] മുൻവർഷത്തെ നാണ്യപ്പെരുപ്പ നിരക്കിന്റെ അടിസ്ഥാനത്തിൽ, ഓരോ പ്രാവശ്യവും പോളിസി പുതുക്കുമ്പോഴും വാർഷിക സം ഇൻഷ്വേർഡ് ക്യുമുലേറ്റീവ് അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നതാണ്. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (സിഎസ്ഒ) പ്രസിദ്ധീകരിക്കുന്ന, മുഴു കലണ്ടർ വർഷത്തിന്റെയും ശരാശരി ഉപഭോക്തൃ വില സൂചിക (കൺസ്യൂമർ പ്രൈസ് ഇൻഡെക്സ്)-യായി നാണ്യപ്പെരുപ്പ നിരക്ക് കണക്കാക്കപ്പെടും. പോളിസിക്ക് കീഴിലുള്ള വാർഷിക (അടിസ്ഥാന) വാർഷിക സം ഇൻഷ്വേർഡ് തുകയ്ക്ക് മാത്രമേ % വർദ്ധനവ് ബാധകമായിരിക്കുകയുള്ളൂ. ഗ്യാരന്റീഡ് ക്യുമുലേറ്റീവ് ബോണസിനോ സം ഇൻഷ്വേർഡ് തുകയുടെ വർദ്ധനവിലേക്ക് നയിക്കുന്ന മറ്റേതെങ്കിലും പരിരക്ഷയ്ക്കോ ഇത് ബാധകമായിരിക്കില്ല.

**ആദ്യ ക്ലെയിമിന്റെ സമയത്തും, ഇൻഷുറൻസ് പരിരക്ഷ എടുത്തിട്ടുള്ള വ്യക്തിക്ക് ക്ലെയിം നൽകിക്കഴിഞ്ഞ് 45 ദിവസത്തിനുള്ളിൽ അതേ വ്യക്തിക്ക് അതേ അസുഖം/ക്ഷതം അല്ലെങ്കിൽ ബന്ധപ്പെട്ട സങ്കീർണ്ണതകളുമായി ഏതെങ്കിലും തരത്തിലുള്ള രോഗാവർത്തനം ഉണ്ടാകുന്നുവെങ്കിൽ, റീസെറ്റ് ആനുകൂല്യം ആരംഭിക്കില്ല. തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനായി ഈ ആനുകൂല്യം തുടർന്നു കൊണ്ടുപോകാൻ കഴിയില്ല. ആഭ്യന്തരമായ പരിരക്ഷ ലഭിക്കുന്നതിന് മാത്രമേ ഇത് ബാധകമായിരിക്കൂ.

^^പോളിസി ആദ്യമായി നൽകുമ്പോൾ 65 വയസ്സ് വരെ പ്രായമുള്ള, ഇൻഷുറൻസ് പരിരക്ഷ നേടുന്ന വ്യക്തിക്ക് മാത്രമേ ബി-ഫിറ്റ് ആഡ്-ഓൺ തിരഞ്ഞെടുക്കാനാകൂ.

[6] ഈ ആനുകൂല്യം ഒരു മെഡിക്കൽ ഉപദേശമായി കണക്കാക്കാനോ ഒപ്പം/അല്ലെങ്കിൽ ഇൻഷുറൻസ് പരിരക്ഷ എടുത്തിട്ടുള്ള വ്യക്തി ഒരു സ്വതന്ത്ര മെഡിക്കൽ പ്രാക്ടീഷണറെ/ആരോഗ്യ പരിചരണ വിദഗ്ദ്ധനെ സന്ദർശിക്കുന്നതിന്/അവരുടെ ഉപദേശം തേടുന്നതിന് പകരം വെക്കുവാനോ പാടുള്ളതല്ല.

[7] ആഭ്യന്തര റോഡ് ആംബുലൻസ് സേവനങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ലഭ്യമാണ്. ഗതാഗത സൗകര്യം വൈദ്യപരമായി അത്യന്താപേക്ഷിതമായ ഒരു ചികിൽസയ്ക്ക് വേണ്ടിയാണ് എന്ന് പ്രസ്താവിക്കുന്ന, വൈദ്യ ചികിൽസകന്റെ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

**ഈ സേവനങ്ങൾ വെൽനെസ് പ്രോഗ്രാമിന്റെ ഭാഗമാണ്.

~സാധാരണ മുറിയ്ക്കായി വാർഷിക ഇൻഷുറൻസ് തുകയുടെ 1% ആയും ഐസിയു-വിനായി വാർഷിക ഇൻഷുറൻസ് തുകയുടെ 2% ആയും തരം താഴ്ത്തുന്നത് എസ്ഐ ഓപ്ഷനുകൾ രൂ. 5 ലക്ഷം, 7.5 ലക്ഷം എന്നിവയിൽ മാത്രമായിരിക്കും. എസ്ഐ രൂ. 5 ലക്ഷം, രൂ. 7.5 ലക്ഷം എന്നിവയിൽ റൂം അപ്ഗ്രേഡ് ഓപ്ഷൻ ലഭ്യമല്ല.

[8] ഒരിക്കൽ തിരഞ്ഞെടുത്താൽ, തുടർച്ചയായ 2 പോളിസി വർഷത്തേക്ക് ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുക്കേണ്ടതുണ്ട്.

* ക്രെഡിറ്റ് സ്കോർ അടിസ്ഥാനമാക്കി പരമാവധി 15% വരെ കിഴിവ്.

[9] ഇത് വിദഗ്ദ്ധ മെഡിക്കൽ ഉപദേശത്തിനോ രോഗനിർണ്ണയത്തിനോ പകരമായി ഉദ്ദേശിച്ചുള്ളതല്ല. ഒരു മെഡിക്കൽ രോഗ സ്ഥിതിയെക്കുറിച്ച് നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഏതൊരു ആശങ്കയ്ക്കും എപ്പോഴും നിങ്ങളുടെ ഡോക്ടറുടെയോ മറ്റ് യോഗ്യതയുള്ള ആരോഗ്യ പരിചരണ ദാതാവിന്റെയോ ഉപദേശം തേടുക.

[10] ടെലികൺസൾട്ടേഷൻ പരിരക്ഷ തിരഞ്ഞെടുത്ത് അധിക പ്രീമിയം അടച്ചാൽ മാത്രമേ ഈ സവിശേഷത ലഭ്യമാകൂ. നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഓരോ രോഗിയുടേയും സ്ഥിതി പരിഗണിച്ച് ആവശ്യമായി വരുന്നുവെങ്കിൽ, കടയിൽ നിന്ന് കുറിപ്പടി കൂടാതെ നേരിട്ട് വാങ്ങാവുന്ന മരുന്നുകൾ വൈദ്യ ചികിൽസകൻ നിർദ്ദേശിച്ചേക്കാം/ശുപാർശ ചെയ്തേക്കാം/പ്രിസ്ക്രൈബ് ചെയ്തേക്കാം. എങ്കിൽത്തന്നെയും, ഈ ആനുകൂല്യത്തിന് കീഴിലുള്ള സേവനങ്ങൾ മെഡിക്കൽ ഉപദേശമായി ഒപ്പം/അല്ലെങ്കിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ ഒരു സ്വതന്ത്ര വൈദ്യ ചികിൽസകന്റെ/ആരോഗ്യശുശ്രൂഷാ വിദഗ്ദ്ധന്റെ അടുക്കലേക്കുള്ള സന്ദർശനത്തിന്/കൺസൾട്ടേഷന് പകരമായി പരിഗണിക്കാവുന്നതായി വ്യാഖ്യാനിക്കപ്പെടുവാൻ പാടുള്ളതല്ല. അവ വ്യാഖ്യാനിക്കുകയും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ വ്യക്തിഗത സാഹചര്യങ്ങളിൽ അവ പ്രയോഗിക്കുകയും ചെയ്യുമ്പോൾ പ്രൊപ്പോസർ ഒരു ആരോഗ്യശുശ്രൂഷാ വിദഗ്ദ്ധന്റെ സഹായം തേടേണ്ടതാണ്. ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് അയാളുടെ/അവരുടെ ആരോഗ്യത്തെക്കുറിച്ച് എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ, അയാളുടെ/അവരുടെ പൊതു വൈദ്യ ചികിൽസകനുമായി അയാൾക്ക്/അവർക്ക് ബന്ധപ്പെടാവുന്നതാണ്. വൈദ്യ ചികിൽസകന്റെ/ആരോഗ്യ ശുശ്രൂഷാ വിദഗ്ദ്ധന്റെ ഏതെങ്കിലും അഭിപ്രായം, ഉപദേശം, കുറിപ്പടി, യഥാർത്ഥത്തിലുള്ള അല്ലെങ്കിൽ ആരോപിക്കപ്പെടുന്ന പിശകുകൾ, ഒഴിവാക്കലുകൾ, പ്രാതിനിധ്യങ്ങൾ എന്നിവയിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ നാശത്തിനോ ഞങ്ങൾ ഉത്തരവാദിത്തം വഹിക്കുന്നതായിരിക്കില്ല.

[11] ഈ ചാറ്റ് സൗകര്യത്തിൽ നൽകിയിരിക്കുന്ന ഉള്ളടക്കമോ ഉപദേശമോ വിവരങ്ങൾ നൽകുന്നതിനും ബോധനം നൽകുന്നതിനുമുള്ള ഉദ്ദേശ്യങ്ങൾക്കായി മാത്രമുള്ളതാണ്. വിശ്വസനീയമായ സ്രോതസ്സുകളിൽ നിന്നാണ് വിവരങ്ങൾ ശേഖരിക്കുകയും പങ്കിടുകയും ചെയ്തിട്ടുള്ളത്. എങ്കിൽത്തന്നെയും, ILGIC ഒപ്പം/അല്ലെങ്കിൽ IL Take Care ആപ്പ് റിപ്പോർട്ടിംഗിലോ വിശദീകരണങ്ങളിലോ ഉണ്ടാകുന്ന പിശകുകൾക്കോ ഒഴിവാക്കലുകൾക്കോ ഉത്തരവാദിത്തം വഹിക്കാത്തതായിരിക്കുന്നു. ഞങ്ങളുടെ സജീവ പരിചരണത്തിന് കീഴിലുള്ളവർ ഉൾപ്പെടെ ഒരു വ്യക്തിയും സ്വയം രോഗനിർണ്ണയം നടത്തുന്നതിനോ സ്വയം ചികിൽസ നൽകുന്നതിനോ ആരോഗ്യ-സംബന്ധമായ ഏതെങ്കിലും സ്ഥിതിയ്ക്കാ വേണ്ടി, ഈ വിവരങ്ങളോ ഇതിൽ അടങ്ങിയിട്ടുള്ള ഉറവിടങ്ങളോ ഉപാധികളോ ഉപയോഗിക്കരുത്. ILGIC അല്ലെങ്കിൽ IL Take Care ആപ്പ് കൃത്യത, കാലയളവുകൾ അല്ലെങ്കിൽ പ്രയോഗക്ഷമത അല്ലെങ്കിൽ ഉള്ളടക്കം എന്നിവ സംബന്ധിച്ച് യാതൊരു വിധത്തിലുമുള്ള ഉറപ്പോ വാറന്റിയോ നൽകുന്നില്ല. ആരോഗ്യ-സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിനായി എപ്പോഴും ഒരു അംഗീകൃത ആരോഗ്യ ശുശ്രൂഷാ വിദഗ്ദ്ധന്റെ ഉപദേശം തേടുക. അത്തരത്തിലുള്ള ഏതെങ്കിലും അഭിപ്രായം, ഉപദേശം, പ്രസ്താവന അല്ലെങ്കിൽ വിവരങ്ങൾ എന്നിവയെ ആശ്രയിക്കുന്നത് നിങ്ങളുടെ മാത്രം ഉത്തരവാദിത്തത്തിലായിരിക്കുമെന്ന് നിങ്ങൾ സമ്മതിക്കുന്നു.

[12] ഒരു വ്യക്തിയുടെ ആരോഗ്യ ശീലങ്ങളെയും ആരോഗ്യ ചരിത്രത്തെയും സംബന്ധിച്ച് അടിസ്ഥാന ചോദ്യങ്ങൾ ചോദിക്കുന്ന ഒരു രഹസ്യാത്മക ചോദ്യാവലിയാണ് ഹെൽത്ത് ക്വോട്ടന്റ് അസെസ്മെന്റ്. ഇതിനെത്തുടർന്ന്, വ്യക്തിക്ക് ഒരു ആരോഗ്യ റിപ്പോർട്ട് ലഭിക്കും. അത് ആ വ്യക്തിക്ക് അയാളുടെ/അവരുടെ ഇപ്പോഴത്തെ ആരോഗ്യ നിലയെക്കുറിച്ചും ആരോഗ്യപരമായ അപകടസാദ്ധ്യതകളെക്കുറിച്ചും അവ എങ്ങനെ കൈകാര്യം ചെയ്യാമെന്നതിനെക്കുറിച്ചും ഒരു നോൺ-ക്ലിനിക്കൽ അവലോകനം നൽകുന്നു. ഒരു വ്യക്തി ആരോഗ്യപരമായി കൂടുതൽ മെച്ചപ്പെടുന്നതിനോ ഇപ്പോഴുള്ള ഒരു ആരോഗ്യ സ്ഥിതി കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ശാരീരിക ക്ഷമതയോടെ തുടരുന്നതിന് മാത്രമായോ ശ്രമിക്കുകയാണെങ്കിൽ, സേവന ദാതാവ് ഹെൽത്ത് ക്വോട്ടന്റ് അസെസ്മെന്റിലൂടെ അവർക്ക് ഏത് തരത്തിലുള്ള അടിസ്ഥാന സഹായമാണ് ആവശ്യമെന്ന് കണ്ടെത്തും. ഹെൽത്ത് ക്വോട്ടന്റ് അസെസ്മെന്റ് റിപ്പോർട്ടിൽ നൽകിയിരിക്കുന്ന വിവരങ്ങൾ, ചോദ്യങ്ങൾക്കുള്ള അവരുടെ പ്രതികരണങ്ങളിൽ വ്യക്തി നൽകിയ സൂചനകളെ അടിസ്ഥാനമാക്കിയുള്ളത് മാത്രമാണ്. ഔപചാരികമായ മെഡിക്കൽ രോഗനിർണ്ണയത്തിന് ഇത് പകരമാവില്ല. ആരോഗ്യ സൂചികയുടെ വിവിധ കണക്കാക്കൽ രീതികളിലൂടെയാണ് നൽകിയിരിക്കുന്ന വിവരങ്ങളിലെത്തിച്ചേരുന്നത്. ഈ വിവരങ്ങൾ യോഗ്യതയുള്ള ഒരു ആരോഗ്യ പരിചരണ വിദഗ്ദ്ധന്റെ ഉപദേശം തേടുന്നതിന് പകരമല്ല. ഹെൽത്ത് ക്വോട്ടന്റ് അസെസ്മെന്റ് റിപ്പോർട്ട് സ്വന്തം ഉത്തരവാദിത്തത്തിൽ വിവേക പൂർവ്വം ഉപയോഗിക്കുന്നതിന് അത് ലഭിക്കുന്ന വ്യക്തിയെ ഉപദേശിക്കുന്നു. ഈ വിവരങ്ങൾ ഉപയോഗിക്കുന്നതിന്റെ ഫലങ്ങളെക്കുറിച്ച് യാതൊരു ഉറപ്പും നൽകപ്പെടുന്നില്ല. കൂടാതെ, ഈ വിവരങ്ങളുടെ രചയിതാവും പ്രസാധകനും സേവന ദാതാവിന്റെ നടപടികളുടെ ഏതെങ്കിലും ബാദ്ധ്യത നിരാകരിക്കുന്നു.

[13] ബീഫിറ്റ് പരിരക്ഷ തിരഞ്ഞെടുത്ത് അധിക പ്രീമിയം അടച്ചാൽ മാത്രമേ ഈ നേട്ടം ലഭ്യമാകൂ.

റിബേറ്റുകളുടെ നിരോധനം - 1938-ലെ ഇൻഷുറൻസ് നിയമത്തിന്റെ 41–ാം വകുപ്പ്. 1) ഇൻഡ്യയിൽ, ജീവനും സ്വത്തുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള അപകടസാദ്ധ്യതകൾ സംബന്ധിച്ച് ഇൻഷുറൻസ് എടുക്കുന്നതിനോ പുതുക്കുന്നതിനോ തുടരുന്നതിനോ ഏതെങ്കിലും വ്യക്തിക്ക് പ്രേരണയായി നേരിട്ടോ അല്ലാതെയോ ഒരു വ്യക്തിയും അനുവദിക്കുകയോ അനുവദിക്കപ്പെടുകയോ ചെയ്യുവാൻ പാടുള്ളതല്ല. അടയ്ക്കേണ്ട കമ്മീഷന്റെ ഭാഗമോ പോളിസിയിൽ കാണിച്ചിരിക്കുന്ന പ്രീമിയത്തിന്റെ ഏതെങ്കിലും കിഴിവ്, അല്ലെങ്കിൽ ഒരു പോളിസി എടുക്കുന്നതോ പുതുക്കുന്നതോ തുടരുന്നതോ ആയ ഒരു വ്യക്തിയും ഇൻഷുററുടെ പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസുകൾ അല്ലെങ്കിൽ ടേബിളുകൾക്ക് അനുസൃതമായി അനുവദിക്കുന്ന കിഴിവ് ഒഴികെ ഒരു കിഴിവും സ്വീകരിക്കില്ല. 2) മുകളിലെ ഉപ വ്യവസ്ഥ (1) പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരു വ്യക്തിയും പത്തു ലക്ഷം രൂപ വരെ വർദ്ധിപ്പിച്ചേക്കാവുന്ന പിഴ ഈടാക്കാൻ ബാധ്യസ്ഥനാണ്. നൽകപ്പെടുന്ന പരിരക്ഷണത്തിന്റെ ഒരു സൂചന മാത്രമേ ഈ പരസ്യത്തിൽ അടങ്ങുന്നുള്ളൂ. അപകടസാധ്യതാ ഘടകങ്ങൾ, നിബന്ധനകൾ, വ്യവസ്ഥകൾ, ഒഴിവാക്കലുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾക്ക്, ഒരു വിൽപ്പന പൂർത്തിയാക്കുന്നതിന് മുമ്പ് വിൽപ്പന ബ്രോഷർ/പോളിസി വിവരങ്ങൾ എന്നിവ ദയവായി ശ്രദ്ധാപൂർവ്വം വായിക്കുക. മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഐസിഐസിഐ ട്രേഡ് ലോഗോ ഐസിഐസിഐ ബാങ്കിന്റേതാണ്; ഇത് ലൈസൻസിനു കീഴിൽ ഐസിഐസിഐ ലോംബാർഡ് ജിഐസി ലിമിറ്റഡ് ഉപയോഗിക്കുന്നതും ലൊംബാർഡ് ലോഗോ, ഐസിഐസിഐ ലോംബാർഡ് ജിഐസി ലിമിറ്റഡ്-ന്റെ സ്വന്തവുമാണ്. ഐസിഐസിഐ ലോംബാർഡ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ ലോമ്പാർഡ് ഹൗസ്, 414, പി. ബാലു മാർഗ്, ഓഫ് വീർ സവർക്കർ റോഡ്, സിദ്ധി വിനായക് ക്ഷേത്രത്തിന് സമീപം, പ്രഭാദേവി, മുംബൈ - 400025. ടോൾ ഫ്രീ നമ്പർ: 1800 2666. ഫാക്സ് നമ്പർ: 022 61961323. IRDA രജിസ്ട്രേഷൻ നമ്പർ: 115. CIN: L67200MH2000PLC129408. വെബ്സൈറ്റ്: www.icicilombard.com. ഇമെയിൽ: customersupport@icicilombard.com. ഉൽപ്പന്നത്തിന്റെ പേര്: എലിവേറ്റ്. UIN: ICIHLIP25031V012425 ADV/ 22936